Ph. 0471 -2317480

# KERALA STATE BHARAT SCOUTS & GUIDES

State Headquarters, Vikas Bhavan P.O., Thiruvananthapuram-695 033
Website:www.ksbsg.in Email:shq@ksbsg.in

| *Patron* | *President* | *State Chief Commissioner* | *State Secretary* |
|---|---|---|---|
| **JUSTICE P. SATHASIVAM** | **Prof. C. RAVEENDRANATH** | **K .V .MOHANKUMAR, IAS,** | **SAJITH .A .K** |
| Hon'ble Governor of Kerala | Hon'ble Minister for Education | Director of Public Instructions | Phone : 9847306748 |

No. **G-2276/2018/KSBS&G** Date . 14.08.2018

സ്വീകർത്താവ്

**എല്ലാ ജില്ലാ സെക്രട്ടറിമാർക്കും**

സർ,

**വിഷയം : കെ.എസ്.ബി.എസ്.ജി – മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് തുക സമാഹരിക്കുന്നത് സംബന്ധിച്ച്**

ചരിത്രത്തിലെ ഏറ്റവും വലിയ ദുരന്തത്തെയാണ് കേരളം അഭിമുഖീകരിക്കുന്നത്. പ്രളയംമൂലം ദുരിതമനുഭവിക്കുന്നവരെ സഹായിക്കേണ്ടത് നാം ഏവരുടെയും കടമയും ഉത്തരവാദിത്തവുമാണ്. കേരള ഭാരത് സ്കൗട്ട് & ഗൈഡ് സംസ്ഥാന അസോസിയേഷന്റെ ആഹ്വാനപ്രകാരം വിവിധ മേഖലകളിലെ ദുരിത ബാധിതരെ സഹായിക്കുന്ന പ്രവർത്തനങ്ങൾ സ്കൗട്ട് & ഗൈഡ് അംഗങ്ങൾ പ്രശംസനീയമായ രീതിയിൽ തന്നെ നടത്തിവരുന്നുണ്ട്.

ദുരന്തബാധിതർക്ക് അടിയന്തിര സഹായങ്ങൾ എത്തിക്കുന്നതിനും പുനരധിവാസ പ്രവർത്തനങ്ങൾക്കുമായി വലിയ വിഭവ സമാഹരണം നടത്തേണ്ട സ്ഥിതിയിലാണ് സംസ്ഥാനം. ദുരന്തബാധിതരെ സഹായിക്കാൻ കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് ആന്റ് ഗൈഡ്സ് സംസ്ഥാന കാര്യാലയം സഹായനിധി രൂപീകരിച്ചിട്ടുണ്ട്. ജില്ലാ-ലോക്കൽ അസോസയിയേഷനുകളും യൂണിറ്റുകളും സഹായധനം സമാഹരിച്ച് 2018 സെപ്തംബർ 5 ന് മുമ്പായി സംസ്ഥാന കാര്യാലയത്തിന്റെ താഴെ പറയുന്ന അക്കൗണ്ടിൽ നിക്ഷേപിക്കുകയോ ചെക്ക്/ ഡിഡി മുഖേന അയച്ചുതരികയോ ചെയ്യേണ്ടതാണ്. തുക അക്കൗണ്ടിൽ നിക്ഷേപിക്കുകയാണെങ്കിൽ അതിന്റെ കൗണ്ടർഫോയിലിന്റെ പകർപ്പ് സംസ്ഥാന കാര്യാലയത്തിലേക്ക് ഇമെയിൽ (shq@ksbsg.in) ചെയ്യണം.

ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതോടൊപ്പം മേൽപറഞ്ഞ സഹായധനം സമാഹരിക്കുന്ന കാര്യത്തിലും എല്ലാവരും പങ്കാളികളാവണമെന്ന് അഭ്യർത്ഥിക്കുന്നു.

A/c No. 37775679382
IFSC Code: SBIN0070415
Bank: SBI, VikasBhavan Branch

വിശ്വസ്തതയോടെ,

സ്റ്റേറ്റ് സെക്രട്ടറി

OFFICE OF THE KERALA STATE BHARAT SCOUTS AND GUIDES
STATE HEAD QUARTERS THIRUVANANTHAPURAM